പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5717 — 2/7/2019 ൽ മറുപടിക്ക്

## മൃഗചികിത്സാ സംവിധാനങ്ങൾ

ചോദ്യം

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.വി.ആർ. സുനിൽ കുമാർ :

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | ആരോഗ്യമുള്ള പക്ഷി-മൃഗസമ്പത്താണ് മൃഗസംരക്ഷണ മേഖലയിലെ ഉല്പാദനത്തിന്റെ അടിസ്ഥാനം എന്നിരിക്കെ ഇത്തരം പക്ഷി-മൃഗാദികളുടെ പരിപാലനത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) | പക്ഷിമൃഗാദികളുടെ പരിപാലനത്തിനായി മൃഗസംരക്ഷണ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കി ആരോഗ്യമുള്ള പശുക്കളെ വളർത്തിയെടുക്കുന്നതിനും, ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതിയിലൂടെ പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും, മൃഗാശുപത്രികളിലൂടെ ചികിത്സയും, ബ്ലോക്ക് തലത്തിൽ നടപ്പാക്കിവരുന്ന അടിയന്തര മൃഗചികിത്സാ പദ്ധതിയിലൂടെ രാത്രികാല മൃഗചികിത്സ സേവനവും, ജന്തുരോഗ നിയന്ത്രണ പദ്ധതിയിലൂടെ പ്രധാന സാംക്രമിക രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവെയ്പും നൽകിവരുന്നു. കൂടാതെ മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി കർഷകർക്ക് മൃഗപരിപാലനത്തിൽ പരിശീലനവും നൽകിവരുന്നു. |
| ബി) | പൊതുജനാരോഗ്യത്തിന് ഭീഷണിയായ ജന്തുജന്യ രോഗങ്ങളായ പക്ഷിപ്പനി, നിപ വൈറസ് ബാധ, പേവിഷബാധ, കുരങ്ങ് പനി എന്നിവ നേരിടുന്നതിന് രോഗാണു വാഹകരായ പക്ഷി-മൃഗാദികൾക്കായി ആധുനിക രോഗ നിർണയ ചികിത്സാ സൗകര്യങ്ങൾ ഉള്ള പ്രാദേശിക റഫറൽ ചികിത്സാ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആവശ്യത്തിനുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | പക്ഷിപ്പനി, നിപ വൈറസ് ബാധ മുതലായ രോഗങ്ങൾ നിർണ്ണയിക്കുവാനുള്ള സൗകര്യങ്ങൾ നിലവിൽ സംസ്ഥാനത്ത് ഇല്ല. ഇതിനായുള്ള സാങ്കേതിക വിദ്യയും സാമ്പത്തിക സ്രോതസ്സും ലഭ്യമായാൽ സംസ്ഥാന ജന്തുരോഗ നിർണ്ണയ കേന്ദ്രത്തിനോടനുബന്ധിച്ച ബി.എസ്.എൽ2 ലബോറട്ടറികൾ ആരംഭിക്കുന്നത് ഉചിതമായിരിക്കും. കുരങ്ങ് പനി രോഗനിർണയം നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാന ജന്തുരോഗ നിർണ്ണയ കേന്ദ്രത്തിൽ ലഭ്യമാണ്. പേവിഷബാധ നിർണ്ണയത്തിനായി സംസ്ഥാനത്ത് 5 പ്രാദേശിക |

| | | | |
|---|---|---|---|
| | | | ലബോറട്ടറികളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) | വിദഗ്ധചികിത്സക്ക് ആശ്രയിക്കാൻ കഴിയുന്ന താലൂക്ക് തലത്തിലുള്ള വെറ്ററിനറി പോളിക്ലിനിക്കുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | 2019-20 ലെ ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കന്നുകാലികളുടെ എണ്ണം കൂടുതലുള്ള പഞ്ചായത്തുകളിൽ ആധുനിക രോഗനിർണ്ണയ സൗകര്യങ്ങളോട് കൂടിയ 25 വെറ്ററിനറി ഡിസ്പെൻസറികൾ സ്ഥാപിയ്ക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും, തെരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികളെ വെറ്ററിനറി പോളിക്ലിനിക്കുകളായി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ